"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. രാജി ജെ. എഫ്, CPO 11106(PEN 811585), വനിതാ സിവിൽ പൊലീസ് ഓഫീസറിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

കത്ത് നം.സ.ഉ.(സാധാ) നം.425/2024/WCDD തീയതി,തിരുവനന്തപുരം, 07-11-2024

---

പരാമർശം:- 1. സ.ഉ(സാധാ) നം. 585/2023/വശിവിവ, തീയതി. 31/10/2023

2. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 25/09/2024-ലെ എ3/2193/2023/കേവക നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് വനിതാ സെല്ലിൽ വനിതാ സിവിൽ പൊലീസ് ഓഫീസറായി ജോലി ചെയ്തു വരവെ ശ്രീമതി. രാജി ജെ. എഫ്നെ പരാമർശം (1 ) പ്രകാരം കേരള വനിതാ കമ്മീഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ വനിതാ സിവിൽ പൊലീസ് ഓഫീസർ തസ്തികയിൽ നിയമിക്കുകയുണ്ടായി. തന്റെ അന്യത്രസേവന കാലാവധി 11/12/2024-ന് അവസാനിക്കുമെന്നും ആയത് ദീർഘിപ്പിച്ച് നൽകണമെന്നുമാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. രാജി ജെ. എഫ് സമർ പ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് സംസ്ഥാന പൊലീസ് മേധാവിയുടെ നിരാക്ഷേപപത്രം സഹിതം കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം (2) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ, കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ചുകൊണ്ടും അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും ശ്രീമതി. രാജി ജെ. എഫ്, വനിതാ സിവിൽ പൊലീസ് ഓഫീസറുടെ കേരള വനിതാ കമ്മീഷനിലെ അന്യത്രസേവന കാലാവധി 12/12/2024 മുതൽ

ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S

അണ്ടർ സെക്രട്ടറി

സംസ്ഥാന പൊലീസ് മേധാവി, തിരുവനന്തപുരം (10/09/2024-ലെ കത്ത് നം. E1-173699/2022/PHQ പ്രകാരം)

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം

ശ്രീമതി. രാജി ജെ. എഫ്, സിവിൽ പൊലീസ് ഓഫീസർ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ/സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 07-11-2024 17:16:50

സെക്ഷൻ ഓഫീസർ